**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 13, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി

സഹകരണവും ഖാദി ഗ്രാമവ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത</u>

*181 ശ്രീ. സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത സംരംഭങ്ങൾ തുടങ്ങുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം നഷ്ടത്തിലായിരുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭം ഉണ്ടാക്കിയിട്ടുളളത്; വിശദമാക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി

*182 ശ്രീ. കെ. രാധാകൃഷ്ണൻ
,, ജി. സുധാകരൻ
,, കോലിയക്കോട് എൻ കൃഷ്ണൻ നായർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ അതിജീവിക്കേണ്ടത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) സഹകരണമേഖലയ്ക്ക് പ്രതികൂലമായിട്ടുള്ള കേന്ദ്ര സർക്കാർ സമീപനങ്ങൾ തിരുത്തികുറിക്കുന്നതിന് നടത്തിയ ശ്രമങ്ങൾ വിശദമാക്കാമോ:

(സി) സംസ്ഥാനങ്ങളുടെ വിഷയമായ സഹകരണ മേഖലയിൽ ഭരണഘടനാഭേദഗതിയിലൂടെ കേന്ദ്രം നേരിട്ട് ഇടപെട്ടിരിക്കുന്നത്, സംസ്ഥാനത്തെ സഹകരണമേഖലയിൽ ഉണ്ടാക്കുന്ന ആഘാതം എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>സൗരോർജ്ജ വൈദ്യുത പദ്ധതി</u>

*183 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യു.റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജം ഉപയോഗിച്ച് ഗാർഹിക ആവശ്യങ്ങൾക്കായി വൈദ്യുതി ഉത്പാദിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി വേണ്ടത്ര ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ;

(ബി) അനർട്ട് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അനർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതിയേക്കാൾ ചെലവ് കുറഞ്ഞ രീതിയിൽ ഉത്പാദനം നിർവ്വഹിക്കാമെന്ന് ഏതെങ്കിലും ഏജൻസികൾ വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം</u>

*184 ശ്രീ. രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്
,, ബി. സത്യൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലുമുണ്ടായ വൈകല്യങ്ങൾ പദ്ധതി നടത്തിപ്പിനെ ഏതെല്ലാം തരത്തിലാണ് ബാധിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഈ സാമ്പത്തികവർഷം ഉണ്ടായ പുരോഗതി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തികവർഷം ഇതുവരെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം അവസാനത്തിൽ പദ്ധതിവിഹിതം എത്ര ശതമാനം വരെ വിനിയോഗിക്കാനാവുമെന്നും ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്നത് ഏതെല്ലാം മേഖലയിലായിരിക്കുമെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കാര്‍ഷിക കടങ്ങള്‍ക്ക് മോറിട്ടോറിയം</u>

*185 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ ബാങ്കുകള്‍ വഴി നല്‍കുന്ന കാര്‍ഷിക കടങ്ങള്‍ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വരള്‍ച്ച നേരിടുന്ന കര്‍ഷകര്‍ക്ക് പ്രസ്തുത നടപടി എത്ര മാത്രം ആശ്വാസകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(സി) കാര്‍ഷിക വായ്പകളുടെ പലിശ ഒഴിവാക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളെ കയറ്റിപ്പോകുന്ന വാഹനങ്ങളുടെ സുരക്ഷ</u>

*186 ശ്രീ. എൻ. ഷംസുദ്ദീൻ
,, റ്റി.എ. അഹമ്മദ് കബീർ
,, പി.കെ. ബഷീർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളെ കയറ്റിപോകുന്ന വാഹനങ്ങളുടെ സുരക്ഷ സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്കൂൾ വാഹനങ്ങളുടെ കാര്യത്തിൽ അവയുടെ പഴക്കവും പ്രവർത്തനക്ഷമതയും കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ടോ;

(സി) അത്തരം വാഹനം ഓടിക്കുന്ന ഡ്രൈവറുടെ കാര്യത്തിൽ എന്തെങ്കിലും നിബന്ധനയുണ്ടോ;

(ഡി) ഓട്ടോറിക്ഷകളിലും പിക് അപ്പ് വാനുകളിലും എല്ലാ നിയമവും ലംഘിച്ച് കുട്ടികളെ കയറ്റിപോകുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>റെയിൽവേ ബഡ്ജറ്റിനു മുമ്പായി നടന്ന സംസ്ഥാനത്തെ എം.പി.മാരുടെ യോഗം</u>

*187 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എം. ഹംസ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റെയിൽവേ ബഡ്ജറ്റിനുമുമ്പായി സംസ്ഥാനത്തെ എം.പി.മാരുടെ യോഗം വിളിച്ചു ചർച്ചചെയ്യാൻ താമസിച്ചതിനെക്കുറിച്ചുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) എം.പി.മാർ യോഗത്തിൽ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കണമെന്ന് നിശ്ചയിക്കുകയുണ്ടായി;

(സി) കഴിഞ്ഞ രണ്ടു റെയിൽവേ ബഡ്ജറ്റുകളിൽ സംസ്ഥാനത്തു നടപ്പാക്കുമെന്നു പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളാണു പൂർണ്ണമായി നടപ്പിലാക്കിയത്; അവശേഷിക്കുന്നവ ഏവ;

(ഡി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിനും, സംസ്ഥാനത്തോട് റെയിൽവേ കാണിക്കുന്ന അവഗണന തിരുത്തിച്ച് സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് അവശ്യം വേണ്ട കാര്യങ്ങൾ നേടുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തെ റെയിൽവേ മേഖലയിൽ, മറ്റു സംസ്ഥാനങ്ങൾക്കു ലഭിക്കുന്നതിന്റെ നേരിയ ശതമാനം പോലും ലഭിക്കുന്നില്ല എന്നത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഒരു അഖിലകക്ഷിസംഘത്തെ അയയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ

## 13.02.2013-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തന നഷ്ടം

*188 ശ്രീ. എൻ.എ.നെല്ലിക്കുന്ന്
,, കെ.എൻ.എ.ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി.ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ വരവിനത്തിലും ചെലവിനത്തിലും നിലനിൽക്കുന്ന വലിയ അന്തരം പരിഹരിക്കുന്നതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും ഒടുവിൽ നടത്തിയ ഭീമായ ചാർജ്ജ് വർദ്ധനയ്ക്ക് ആനുപാതിക വരുമാനം പ്രതിദിനം ഉണ്ടാകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുശേഷം പ്രതിദിനം വരുമാനത്തിലുണ്ടായ വർദ്ധന എത്രയെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടക്കണക്ക് പെരുപ്പിച്ചു കാട്ടുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിദഗ്ദ്ധരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ ക്ഷണിച്ച് അതിൽ നിന്നും ലഭിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങൾ നടപ്പാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഇ- ഡിസ്ട്രിക്റ്റ് പദ്ധതി

*189 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇ- ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംരംഭം മറ്റ് ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കേരളത്തിൽ കേന്ദ്രം നടപ്പിലാക്കാൻ പോകുന്ന പുതിയ പദ്ധതികൾ</u>

*190 ശ്രീ. എളമരം കരീം
,, കോടിയേരി ബാലകൃഷ്ണൻ
,, എം. ചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള ഉദ്ഘാടനവേളയിൽ കേരളത്തിൽ കേന്ദ്രം നടപ്പിലാക്കാൻ പോകുന്ന എന്തെല്ലാം പുതിയ പദ്ധതികളുടെ പ്രഖ്യാപനങ്ങൾ നടത്തുകയുണ്ടായെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രഖ്യാപിച്ച ഓരോ പദ്ധതികളുടെയും നിർമ്മാണം ഏതെല്ലാം തീയതികളിൽ ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ;

(സി) ആഗോള നിക്ഷേപക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അന്നത്തെ പ്രധാനമന്ത്രി പ്രഖ്യാപിച്ച 10,000 കോടി രൂപയുടെ പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതെല്ലാം ഘട്ടങ്ങളിലാണ് ; ജിമ്മിന്റെ ഭാഗമായി എത്ര കോടിയുടെ പുതിയ സ്വകാര്യ നിക്ഷേപം ഇതിനകം ഉണ്ടായിട്ടുണ്ട് ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന നികുതി കുടിശ്ശിക</u>

*191 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, എസ്. ശർമ്മ
,, പി. റ്റി. എ. റഹീം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പുതുതായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള വാഹനനികുതി കുടിശ്ശിക എത്ര തുകയാണെന്ന് വിശദമാക്കാമോ;

(സി) ബുധനാഴ്ചകൾ നികുതി പിരിവിന് വേണ്ടി മാത്രം നീക്കിവെയ്ക്കണമെന്ന നിർദ്ദേശം ആർ. ടി. ഓഫീസുകൾ പാലിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) നികുതിപിരിവിനായി മാത്രം ബുധനാഴ്ചകൾ മാറ്റിവെയ്ക്കണമെന്ന നിർദ്ദേശം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള</u>

*192 ശ്രീ. ജി. സുധാകരൻ
ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. ആർ. രാജേഷ്
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ കേന്ദ്രസർക്കാരിന്റെയോ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേയോ എന്തെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഉദ്ഘാടന പ്രസംഗത്തിൽ പ്രധാനമന്ത്രി കേന്ദ്ര സർക്കാരിന്റെ എത്ര കോടി രൂപയ്ക്കുള്ള ഏതെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു;

(ഡി) എമർജിംഗ് കേരളയിൽ വന്ന കേന്ദ്ര പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

പാറമടകളുടെ പ്രവർത്തനം

*193 ശ്രീ. സണ്ണി ജോസഫ്
,, എ.പി. അബ്ദുള്ളക്കുട്ടി
,, ഐ.സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നിയമം മൂലം സംസ്ഥാനത്തെ പാറമടകളുടെ പ്രവർത്തനം നിലച്ചതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര നിയമത്തിൽ പാറമടകളുടെ സ്ഥലം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) പാറമടകൾ പ്രവർത്തിക്കുന്നതിനായി പ്രസ്തുത വ്യവസ്ഥകളിൽ ഇളവ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>സഹകരണ സംഘങ്ങൾക്ക് റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശങ്ങൾ</u>

*194 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സംഘങ്ങൾക്ക് റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശങ്ങൾ ബാധകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ബാധകമാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സംഘങ്ങളിലെ നിക്ഷേപകരെ സംബന്ധിച്ചുള്ള വിവരങ്ങൾ ആദായ നികുതി വകുപ്പിന് ഇപ്പോൾ കൈമാറുന്നുണ്ടോ;

(സി) റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശങ്ങൾ മൂലം നിക്ഷേപകർക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>കോടതി വിധിന്യായങ്ങളുടെ മലയാളത്തിലുള്ള ജേർണൽ</u>

*195 ശ്രീ. ഷാഫി പറമ്പിൽ
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധിന്യായങ്ങൾ മലയാളത്തിലാക്കി ജേർണൽ രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ കോടതിയിലെ വിധിന്യായങ്ങളാണ് ഇതിനുവേണ്ടി തെരഞ്ഞെടുക്കാനുദ്ദേശിക്കുന്നത് വിശദമാക്കുമോ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) തർജ്ജമ ചെയ്തിട്ടില്ലാത്ത നിയമങ്ങളും പ്രധാന ഉത്തരവുകളും വിജ്ഞാപനങ്ങളും ജേർണലിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള</u>

*196 ശ്രീ. സി. കൃഷ്ണൻ
,, എ. പ്രദീപ് കുമാർ
,, കെ. കുഞ്ഞിരാമൻ(ഉദുമ)
ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ ഏതെല്ലാം പദ്ധതികളാണ് ആദ്യം ഉൾപ്പെടുത്തിയിരുന്നത്; ഇവയിൽ ഏതെല്ലാം പദ്ധതികൾ പിന്നീട് നീക്കം ചെയ്തു;

(ബി) ഇപ്രകാരം പദ്ധതികൾ നീക്കം ചെയ്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതികൾ ഒഴിവാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) വകുപ്പുകൾ അംഗീകരിച്ച് മന്ത്രിസഭ തത്വത്തിൽ അംഗീകാരം നൽകിയ ആദ്യലിസ്റ്റിൽ നിന്ന് വകുപ്പുകൾ അറിയാതെ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) അന്തിമമായി പ്രസിദ്ധീകരിച്ച പദ്ധതികളിൽ ആദ്യം ഒഴിവാക്കിയ പദ്ധതികൾ വീണ്ടും ഉൾപ്പെടുത്തിയിരുന്നോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ഇൻകെലിന്റെ പദ്ധതികളിൽ 90 വർഷം വരെ ഭൂമി പാട്ടത്തിന് നൽകാമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ഇ) എങ്കിൽ ഇത് സർക്കാർ നയത്തിന് അനുസൃതമാണോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സര്‍വ്വീസ് ബോട്ടുകളില്‍ സൗരോര്‍ജ വൈദ്യുതി ഉപയോഗിക്കുന്ന പദ്ധതി</u>

*197 ശ്രീ. വി.പി. സജീന്ദ്രന്‍
,, ഡൊമനിക് പ്രസന്റേഷന്‍
,, ഐ.സി. ബാലകൃഷ്ണന്‍
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വീസ് ബോട്ടുകളുടെ യാത്രയ്ക്ക് സൗരോര്‍ജ വൈദ്യുതി ഉപയോഗിക്കുന്ന പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനങ്ങള്‍ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച പദ്ധതി റിപ്പോര്‍ട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് നടപ്പിലാക്കാനാകും എന്നാണ് കരുതുന്നത്?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ഉപ്പുകലർന്ന മണൽ സംസ്കരിക്കുന്നതിനുള്ള പദ്ധതി</u>

*198 ശ്രീ. ലൂഡി ലൂയിസ്
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപ്പുകലർന്ന മണൽ സംസ്കരിച്ച് നിർമ്മാണ മേഖലയിലേയ്ക്ക് ഉപയോഗിക്കാവുന്ന വിധത്തിൽ പ്രയോജനപ്പെടുത്താൻ പദ്ധതിയിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ സാധ്യതാപഠനത്തിന് സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മാരക രോഗ ബാധിതർക്ക് വായ്പ ഇളവ് ചെയ്യുന്ന പദ്ധതി</u>

*199 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത മാരക രോഗ ബാധിതർക്ക് വായ്പ ഇളവ് ചെയ്യുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം ഇളവുകളാണ് ഇവർക്ക് ലഭിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>അർബൻ സഹകരണ ബാങ്കുകൾ</u>

*200 ശ്രീ. സി. മമ്മൂട്ടി
,, എം.പി. അബ്ദുസ്സമദ് സമദാനി
,, പി.ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അർബൻ സഹകരണ ബാങ്കുകൾ കൂട്ടത്തോടെ നഷ്ടത്തിലേയ്ക്ക് നീങ്ങാൻ ഇടയാക്കിയ സാഹചര്യങ്ങളും കാരണങ്ങളും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സഹകാരികളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി രൂപീകൃതമായ ഇത്തരം സ്ഥാപനങ്ങൾ സഹകാരികൾക്കും സംസ്ഥാനത്തിനും ബാധ്യതയാകുന്ന അവസ്ഥയിലേയ്ക്ക് നീങ്ങുന്നത് ഗൗരവപൂർവ്വം കണ്ട്, അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഏറ്റവും ഒടുവിലെ ആഡിറ്റ് പ്രകാരം എത്ര ബാങ്കുകളാണ് നഷ്ടത്തിലായിട്ടുള്ളത്; അതിന്റെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ വിദ്യാഭ്യാസ ചിട്ടി</u>

*201 ശ്രീ. എ.റ്റി. ജോർജ്
,, കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ വിദ്യാഭ്യാസ ചിട്ടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെയാണ് പ്രസ്തുത ചിട്ടിയിൽ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) വിദ്യാർത്ഥികൾക്ക് ഇതുവഴി ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വ്യാവസായിക വളർച്ചയുടെ പിന്നോക്കാവസ്ഥ</u>

*202 ശ്രീ. പി. ഉബൈദുള്ള
,, കെ. എൻ. എ. ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക വളർച്ചയ്ക്ക് തടസ്സമുണ്ടാക്കുന്ന ഘടകങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) അത്തരം തടസ്സങ്ങൾ നീക്കി പിന്നോക്കാവസ്ഥ പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രായോഗിക നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ;

(സി) വരും വർഷങ്ങളിൽ എത്രത്തോളം വ്യാവസായിക വളർച്ച കൈവരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>'അക്ഷയ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

*203 ശ്രീ. വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'അക്ഷയ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നത് ഏതെല്ലാം ഏജൻസികൾ വഴിയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സേവനങ്ങളും നേട്ടങ്ങളുമാണ് ഈ പദ്ധതി വഴി നേടിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം പുരസ്ക്കാരങ്ങളാണ് ഈ പദ്ധതി വഴി ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഈ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് നടപടികൾ</u>

*204 ഡോ. കെ. ടി. ജലീൽ
ശ്രീ. എം. എ. ബേബി
,, കെ. കെ. നാരായണൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് ദീർഘ കാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെങ്കിലും വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യാൻ സാദ്ധ്യമായിട്ടുണ്ടോ; ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന പദ്ധതികൾ ഏതൊക്കെയാണ്?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>സംയോജിത ഔട്ട് ചെക്ക് പോസ്റ്റുകളുടെ പ്രവര്‍ത്തനം</u>

*205 ശ്രീ. എം.പി. വിന്‍സെന്റ്
,, ആര്‍. സെല്‍വരാജ്
,, വി.റ്റി.ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സംയോജിത ഔട്ട് ചെക്ക് പോസ്റ്റുകളുടെ പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) എവിടെയെല്ലാമാണ് ഇവ പ്രവര്‍ത്തിക്കുന്നത്; എല്ലാ ഔട്ട് ചെക്ക് പോസ്റ്റിലും പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പെർമനന്റ് ലോക് അദാലത്തിന്റെ പ്രവർത്തനം</u>

*206 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെർമനന്റ് ലോക് അദാലത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത സംവിധാനം നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ചെലവ് കുറഞ്ഞ തർക്ക പരിഹാര മാർഗ്ഗമെന്ന നിലയിൽ പ്രസ്തുത സംവിധാനം എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കേന്ദ്ര വിജിലന്‍സ് കമ്മീഷന്‍ നിര്‍ദ്ദേശിച്ച ഇന്റഗ്രിറ്റിപാക്ട്

*207 ശ്രീ. പി. കെ. ഗുരുദാസന്‍
,, ബാബു എം. പാലിശ്ശേരി
,, എ. എം. ആരിഫ്
ഡോ: കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളില്‍ സാധന സാമഗ്രികള്‍ വാങ്ങുന്നതില്‍ അഴിമതി ഒഴിവാക്കുന്നതിന് കേന്ദ്ര വിജിലന്‍സ് കമ്മീഷന്‍ നിര്‍ദ്ദേശിച്ച ഇന്റഗ്രിറ്റിപാക്ടിലെ പ്രധാന നിര്‍ദ്ദേശങ്ങള്‍ എന്തൊക്കെയായിരുന്നു;

(ബി) വിജിലന്‍സ് കമ്മീഷന്റെ നിര്‍ദ്ദേശ പ്രകാരമുള്ള നടപടിക്രമം സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളില്‍ നടപ്പിലാക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ പ്രസ്തുത നടപടി സംബന്ധിച്ച ഉത്തരവിന്റെ കോപ്പി നല്‍കാമോ;

(ഡി) പ്രസ്തുത സംവിധാനത്തിന്റെ നടത്തിപ്പിനായി ഇന്‍ഡിപെന്‍ഡന്റ് എക്സ്റ്റേണല്‍ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കില്‍ ഏതെല്ലാം സ്ഥാപനങ്ങളിലാണെന്നും അതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്താൻ നടപടി</u>

*208 ശ്രീ. വി.ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി.സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) ബസ്സുകളുടെയും ഓഫീസുകളുടെയും കാര്യക്ഷമത പ്രസ്തുത സംവിധാനം വഴി എത്രമാത്രം മെച്ചപ്പെടുത്താനാകും എന്നാണ് കരുതുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി..യ്ക്ക് ഡീസൽ സബ്സിഡി
അനുവദിക്കണമെന്ന ആവശ്യം

*209 ശ്രീ. പി. തിലോത്തമൻ
,, വി. എസ്. സുനിൽകുമാർ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡീസൽ സബ്സിഡി അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് എന്നാണ് ആവശ്യപ്പെട്ടത് ; പ്രസ്തുത ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) വൻകിട ഡീസൽ ഉപഭോക്താക്കളുടെ പട്ടികയിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന്
വിശദമാക്കുമോ ;

(സി) സർവ്വീസുകൾ റദ്ദാക്കിയതു മൂലം എത്ര തൊഴിലാളികൾക്ക് ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കേന്ദ്രപൊതുമേഖലാ - സംയുക്ത വ്യവസായ സംരംഭങ്ങളുടെ വികസനം</u>

*210 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, വി.ചെന്താമരാക്ഷൻ
,, വി.ശിവൻകുട്ടി
,, സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട കേന്ദ്ര പൊതുമേഖലാ - സംയുക്ത വ്യവസായ സംരംഭങ്ങളുടെ വികസനം ഉറപ്പാക്കുന്നതിന് പരിഗണിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് അംഗീകാരം ലഭിച്ച കേന്ദ്ര പൊതുമേഖല സംയുക്ത സംരംഭങ്ങൾ ഏതൊക്കെയായിരുന്നു; അവ ഓരോന്നിന്റെയും തുടർ വികസന പദ്ധതികളും ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും സംബന്ധിച്ച് വിലയിരുത്തുകയുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും സ്ഥാപനങ്ങൾ പുതുതായി സംസ്ഥാനത്ത് കൊണ്ടുവരുകയുണ്ടായോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ഫെബ്രുവരി 4.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.